**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6305 — 08.11.2016-ൽ മറുപടിക്ക്

**കേരള പബ്ലിക് സർവ്വീസ് ആക്ട്**

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ്.പി | | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള പബ്ലിക് സർവ്വീസ് ആക്ടിന്റെ കീഴിൽ നിർമ്മിക്കപ്പെട്ട ഏതെല്ലാം ചട്ടങ്ങളിലാണ് ഭേദഗതി വരുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) & (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | ഒരു പ്രിൻസിപ്പൽ ആക്ടിന്റെ അടിസ്ഥാനത്തിലല്ലാതെ ഏതെല്ലാം സാഹചര്യത്തിൽ ചട്ടങ്ങൾ രൂപീകരിക്കാൻ അധികാരമുണ്ടെന്ന് വ്യക്തമാക്കുമോ; | | |
| (സി) | 2006-ലെ റൂൾസ് ഫോർ ദ അലോട്ട്മെന്റ് ആന്റ് ഒക്യൂപ്പേഷൻ ഓഫ് ഗവൺമെന്റ് സെർവന്റ് ക്വാർട്ടേഴ്സ് ഇൻ കേരള എന്ന ചട്ടങ്ങൾ ഏത് പ്രിൻസിപ്പൽ ആക്ടിന്റെ പിൻബലത്തിൽ ഇറക്കിയതാണെന്ന് വ്യക്തമാക്കുമോ; | (സി) | 2006-ലെ റൂൾസ് ഫോർ ദ അലോട്ട്മെന്റ് ആന്റ് ഒക്യൂപ്പേഷൻ ഓഫ് ഗവൺമെന്റ് സെർവന്റ് ക്വാർട്ടേഴ്സ് ഇൻ കേരള എന്ന ചട്ടങ്ങൾ ഒരു പ്രിൻസിപ്പൽ ആക്ടിന്റെ പിൻബലത്തിൽ പുറപ്പെടുവിച്ചതല്ല. |
| (ഡി) | പ്രസ്തുത ചട്ടങ്ങൾ എസ്.ആർ.ഒ. ആയി ഇറക്കിയിട്ടുണ്ടോ; എങ്കിൽ മേശപ്പുറത്ത് വെയ്ക്കുമോ; | ഡി) | പ്രസ്തുത ചട്ടങ്ങൾ എസ്.ആർ.ഒ ആയി പുറപ്പെടുവിച്ചിട്ടില്ല. 28.02.2006-ലെ സ.ഉ(കൈ)നം.11/2006/പൊ.ഭ.വ പ്രകാരമാണ് ടി ചട്ടങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നത്. |
| (ഇ) | പ്രസ്തുത ചട്ടങ്ങൾ നിയമസഭയുടെ ഏതെങ്കിലും സബ്ജക്ട് കമ്മിറ്റിയുടെ സൂഷ്മപരിശോധനയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്; ഏത് കമ്മിറ്റിയിൽ ആയിരുന്നു; വ്യക്തമാക്കുമോ; | (ഇ) | പ്രസ്തുത ചട്ടങ്ങൾ നിയമസഭയുടെ സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മ പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ല. |
| (എഫ്) | പ്രസ്തുത ചട്ടങ്ങൾക്ക് മുൻകാല പ്രാബല്യം നൽകിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യം എന്തായിരുന്നു; പ്രസ്തുത ചട്ടങ്ങൾക്ക് മുൻകാല പ്രാബല്യം നൽകുന്നത് സംബന്ധിച്ച് നിയമോപദേശം തേടിയിട്ടുണ്ടോ; എങ്കിൽ ആയത് മേശപ്പുറത്ത് വെയ്ക്കുമോ? | (എഫ്) | പ്രസ്തുത ചട്ടങ്ങൾ 01.03.2006 മുതലാണ് പ്രാബല്യത്തിൽ വന്നത്. പ്രസ്തുത ചട്ടങ്ങൾക്ക് മുൻകാല പ്രാബല്യം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ